©
Government of Kerala
കേരള സർക്കാർ
2010

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| Vol. LV / വാല്യം 55 | Thiruvananthapuram, Friday / തിരുവനന്തപുരം, വെള്ളി | 20th August 2010 / 2010 ആഗസ്റ്റ് 20 / 29th Sravana 1932 / 1932 ശ്രാവണം 29 | No. / നമ്പർ 1937 |
|---|---|---|---|

## കേരള സർക്കാർ

### തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 183/2010/തസ്വഭവ. *തിരുവനന്തപുരം, 2010 ആഗസ്റ്റ് 20.*

**എസ്. ആർ. ഒ. നമ്പർ 839/2010.**—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ടും 2010 ജൂലൈ 2-ാം തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) 139/2010/തസ്വഭവ. നമ്പർ ആയി പുറപ്പെടുവിച്ചതും, 2010 ജൂലൈ 2-ാം തീയതിയിലെ 1490-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 659/2010-ാം നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തിൽ വീണ്ടും താഴെപ്പറയുന്ന ഭേദഗതികൾ വരുത്തിക്കൊണ്ട് കേരള സർക്കാർ ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു, അതായത്:—

### ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിലെ പട്ടികയിൽ,—

(i) (1)-ാം കോളത്തിൻ കീഴിൽ 'കോട്ടയം' എന്നതിന് നേരെ,—

(എ) (2)-ാം കോളത്തിലെ 'കടുത്തുരുത്തി' എന്നതിന് നേരേ (3)-ാം കോളത്തിലുള്ള ഉൾക്കുറിപ്പിൽ 'നീണ്ടൂർ' എന്ന വാക്ക് വിട്ടുകളയേണ്ടതാണ്;

(ബി) (2)-ാം കോളത്തിലെ 'ഏറ്റുമാനൂർ' എന്നതിന് നേരേ (3)-ാം കോളത്തിൽ നിലവിലുള്ള ഉൾക്കുറിപ്പുകൾക്ക് താഴെ 'നീണ്ടൂർ' എന്ന വാക്ക്ചേർക്കേണ്ടതാണ്;

(ii) (1)-ാം കോളത്തിൻ കീഴിൽ 'പാലക്കാട്' എന്നതിന് നേരെ,—

(എ) (2)-ാം കോളത്തിലെ 'മണ്ണാർക്കാട്' എന്നതിന് നേരെ (3)-ാം കോളത്തിൽ നിലവിലുള്ള ഉൾക്കുറിപ്പുകൾക്ക് താഴെ 'തച്ചനാട്ടുകര' എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) (2)-ാം കോളത്തിലെ 'ശ്രീകൃഷ്ണപുരം' എന്നതിന് നേരെ (3)-ാം കോളത്തിലുള്ള ഉൾക്കുറിപ്പിൽ 'തച്ചനാട്ടുകര' എന്ന വാക്ക് വിട്ടു കളയേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എസ്. എം. വിജയാനന്ദ്,
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

ഭൂമിശാസ്ത്രപരവും ഭരണപരവുമായ സൗകര്യം കണക്കിലെടുത്ത് സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളെ പുനഃസംഘടിപ്പിച്ചുകൊണ്ടും പുതിയ ബ്ലോക്ക് പഞ്ചായത്തുകൾ രൂപീകരിച്ചുകൊണ്ടും 2010 ജൂലൈ 2-ാം തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 139/2010/തസ്വഭവ. ആയി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. നീണ്ടൂർ ഗ്രാമ പഞ്ചായത്തിനെ ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മാറ്റി കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുത്തിയതിനെതിരെയും, തച്ചനാട്ടുകര ഗ്രാമ പഞ്ചായത്തിനെ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മാറ്റി ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുത്തിയതിനെതിരെയും ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷനുകൾ അനുവദിച്ചുകൊണ്ടും പ്രസ്തുത പഞ്ചായത്തുകളെ അവ 22-4-1994-ലെ വിജ്ഞാപനപ്രകാരം ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകളിൽത്തന്നെ നിലനിർത്തുന്നതിനും ബഹു. കേരള ഹൈക്കോടതി ഉത്തരവായതിനാൽ പ്രസ്തുത വിധിന്യായങ്ങൾക്ക് അനുസൃതമായി ചില ബ്ലോക്ക് പഞ്ചായത്തുകളുടെ ഭൂപ്രദേശത്തിൽ ഉൾപ്പെട്ടിട്ടുള്ള ഘടക ഗ്രാമ പഞ്ചായത്തുകളിൽ മാറ്റം വരുത്തിക്കൊണ്ട് വിജ്ഞാപനം ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.